# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in & kauagmet@yahoo.co.in**

### കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 18/2019(35),ചൊവ്വാഴ്ച** — **തീയ്യതി 30.04.2019**

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 01.05.2019 | 02.05.2019 | 03.05.2019 | 04.05.2019 | 05.05.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 8 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 37 | 37 | 38 | 38 | 38 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 12 | 14 | 14 | 14 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 5 | 6 | 6 | 5 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ കാറ്റിനും സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | വെള്ളീച്ച | അന്തരീക്ഷ ഊഷ്മാവ് കൂടിയതിനാൽ തെങ്ങിൽ വെള്ളീച്ചയെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തയ്യാറാക്കിയതിലേക്ക് 20ഗ്രാം ലെക്കാനിസീലിയം എന്ന മിത്രകുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക. |
| വാഴ | ഇലപ്പുള്ളി രോഗം | കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുക്കാലുകൾ കൊടുക്കേണ്ടതാണ്. വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ (വെണ്ട) | പച്ചത്തുള്ളൻ | അന്തരീക്ഷ ഊഷ്മാവ് കൂടിയതിനാൽ വെണ്ടയിൽ പച്ചത്തുള്ളനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണവെളുത്തുള്ളി മിശ്രിതം തളിക്കുക അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | തൊഴുത്തിലോ പരിസരത്തോ എലി ശല്യം ഇല്ലാതെ ഇരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും, കർഷകർക്കും ഒരു പോലെ മാരകമാണ്. **(സി.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | |

**2% വീര്യമുള്ള വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം തയ്യാറാക്കുന്ന വിധം:** 50 ഗ്രാം ബാർ സോപ്പ് 500 മി.ലി. ചെറുചൂടുവെള്ളത്തിൽ അരിഞ്ഞിട്ട് ഇളക്കി ലായനിയാക്കുക. 200 ഗ്രാം വെളുത്തുള്ളി അരച്ച് നീരെടുത്ത് 300 മി.ലി. വെള്ളത്തിലാക്കുക. സോപ്പ് ലായനി 200 മി.ലി വേപ്പെണ്ണയിലേക്ക് സാവധാനം ഒഴിച്ച് നന്നായി ഇളക്കിക്കൊണ്ടിരിക്കുക. വേപ്പെണ്ണ സോപ്പ് മിശ്രിതത്തിലേക്ക് അരിച്ചെടുത്ത വെളുത്തുള്ളി നീര് നേർപ്പിച്ചത് (300 മി.ലി.) സാവധാനം ഒഴിച്ച് നന്നായി ഇളക്കിക്കൊണ്ടിരിക്കുക. ഇങ്ങനെ തയ്യാറാക്കിയ വേപ്പെണ്ണ - വെളുത്തുള്ളി - സോപ്പ് മിശ്രിതത്തിലേക്ക് 9 ലിറ്റർ വെള്ളവും കൂടി ചേർക്കുക. ഇത് കീടനാശിനിയായി തളിക്കാം.